കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ തിരുവാലി ഗ്രാമ പഞ്ചായത്ത്, ഓഫീസ് ജോലിക്കായി 12.07.1997 മുതൽ 27.02.1998 വരെ തുടർച്ചയായി ദിവസക്കൂലിക്ക് ആളെ നിയമിച്ച് കൂലി നൽകിയ ഇനത്തിൽ ചെലവഴിച്ച 10150/- രൂപായുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ)നം.2482/2016/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി 19/08/2016

പരാമർശം : 1. തിരുവാലി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 15.12.2014 – തിയതിയിലെ .എ 2-4326/14(1),18/07/16-ലെ .എ 1- 2380/2016 നംപർ കത്തുകൾ.

2. പഞ്ചായത്ത് ഡയറക്ടറുടെ 11.11.2015 – തീയതിയിലെ എം3/36111/15 നമ്പർ കത്ത്

3. ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 27.02.2016 – തിയതിയിലെ കെ.എസ്.എ-14121/പി.റ്റി3/15 നമ്പർ കത്ത്

## ഉത്തരവ്

മലപ്പുറം ജില്ലയിലെ തിരുവാലി ഗ്രാമ പഞ്ചായത്ത്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിലവിലുള്ള സർക്കാർ നിയമങ്ങൾക്ക് വിധേയമായി ഒഴിവുള്ള തസ്തികയിൽ നിയമനം നടത്തുന്നതിന് പകരം ഓഫീസ് ജോലിക്കായി 12.07.1997 മുതൽ 27.02.1998 വരെ തുടർച്ചയായി ദിവസക്കൂലിക്ക് ആളെ നിയമിച്ച് കൂലി നൽകിയ നടപടി ക്രമപ്രകാരമല്ലാത്തതിനാൽ ഇക്കാര്യത്തിൽ ചെലവഴിച്ച 10150/- രൂപ 1997-1998 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 15 പ്രകാരം തടസ്സപ്പെടുത്തിയിരുന്നു. നിയമനം ആവശ്യപ്പെട്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക കത്ത് നൽകിയാൽ കാലതാമസമെടുക്കുമെന്നതിനാൽ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ തടസ്സപ്പെടുമെന്ന് പഞ്ചായത്തിന് ബോധ്യമുണ്ടായതിനാലാണ് ഇത്തരത്തിൽ നിയമനം നടത്തിയതെന്നും ആയതിനാൽ ഓഡിറ്റ് തടസ്സവാദം ഒഴിവാക്കി 10150/- രൂപാ ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകണമെന്നും സൂചന ഒന്ന് കത്ത് പ്രകാരം തിരുവാലി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റിയും ഇതേ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ മറുപടി കണക്കിലെടുത്ത് ഇക്കാര്യത്തിൽ

സാധൂകരണം നൽകുന്നതിന് എതിരഭിപ്രായമില്ലെന്ന് പരാമർശം മൂന്ന് കത്ത് പ്രകാരം ,കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ തടസ്സമില്ലാതെയും പൊതുജനങ്ങൾക്ക് സഹായകരമായും നടത്തുന്നതിനു വേണ്ടിയാണ് ദിവസക്കൂലിക്ക് ആളെ നിയമിച്ചതെന്ന തിരുവാലി ഗ്രാമ പഞ്ചായത്തിന്റെ വിശദീകരണം അംഗീകരിച്ചുകൊണ്ടും നിലവിലുള്ള സർക്കാർ നിയമങ്ങൾക്ക് വിധേയമായി ഒരു മാസത്തിനുള്ളിൽ എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖേന ഒഴിവുള്ള തസ്തികയിൽ നിയമനം നടത്തുവാൻ പഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണെന്ന വ്യവസ്ഥയിലും മലപ്പുറം ജില്ലയിലെ തിരുവാലി ഗ്രാമ പഞ്ചായത്ത്, ഓഫീസ് ജോലിക്കായി 12.07.1997 മുതൽ 27.02.1998 വരെ തുടർച്ചയായി ദിവസക്കൂലിക്ക് ആളെ നിയമിച്ച് കൂലി നൽകിയ ഇനത്തിൽ ചെലവഴിച്ച 10150/- രൂപായുടെ (പതിനായിരത്തി ഒരുന്നൂറ്റി അൻപത് രൂപാ മാത്രം) ചെലവിന് (1997-1998 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 15 പ്രകാരം തടസ്സപ്പെടുത്തിയിരുന്നത് )സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
സിദ്ധാർത്ഥൻ.എസ്,
ഡെപ്യൂട്ടിസെക്രട്ടറി.

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, തിരുവാലി ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ,വിവര-പൊതുജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ